# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2101

17.06.2014 ൽ മറുപടിയ്ക്ക്

## പറവൂർ സഹകരണ ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ പറവൂരിൽ പ്രവർത്തിക്കുന്ന സഹകരണാശുപത്രിയുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ആലപ്പുഴ പറവൂരിൽ സഹകരണ ആശുപത്രി പ്രവർത്തിക്കുന്നില്ല. എന്നാൽ കേപ്പിന്റെ നിയന്ത്രണത്തിലുള്ള പുന്നപ്രയിലെ സാഗര ആശുപത്രിയുടെ പ്രവർത്തനം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എറണാകുളം സഹകരണ ആശുപത്രി മെഡിക്കൽ കോളേജായി ഗവൺമെന്റ് ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) എറണാകുളം സഹകരണ ആശുപത്രി എന്നപേരിൽ ഒരു ആശുപത്രി നിലവിലില്ല. എന്നാൽ എറണാകുളത്ത് ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി എന്ന പേരിൽ സംഘം പ്രവർത്തിക്കുന്നുണ്ട്. ആയത് മെഡിക്കൽ കോളേജായി ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടില്ല. സഹകരണ മേഖലയിലെ കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പറവൂർ സഹകരണ ആശുപത്രിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സൗകര്യങ്ങളോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കേപ്പിന്റെ നിയന്ത്രണത്തിലുള്ള പുന്നപ്രയിലെ സാഗര ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ